LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പും കേസുകളും

94 (2332) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെയും സഹകരണ രജിസ്ട്രാറിന്റെയും നടപടികളെ ചോദ്യം ചെയ്തുകൊണ്ടുള്ള എത്ര പെറ്റീഷനുകൾ കേരള ഹൈക്കോടതിയിൽ ഇപ്പോഴും പെൻഡിംഗിലായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ ഹിയറിംങ്ങ് പൂർത്തിയായിട്ടും വിധി പ്രസ്താവം പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്രയാണ് ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോടതിയിലെത്തിയ എത്ര കേസുകളിൽ ഇനിയും വിധി പ്രസ്താവം ബാക്കി നില്പുണ്ട് ; കേസുകൾ നീണ്ടുപോകുന്നതിൽ സർക്കാരിന്റെയും ഗവൺമെന്റ് പ്ലീഡർമാരുടെയും ഭാഗത്തുണ്ടായ വീഴ്ചകൾ പരിശോധിക്കാമോ ?

ഉത്തരം

(എ) 5122 കേസുകൾ.

(ബി) 18 കേസുകളിൽ വിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോടതിയിൽ 18 കേസുകൾ നിലവിലുണ്ട്. കേസുകൾ നീണ്ടുപോകുന്നതിൽ സർക്കാരിന്റെയും ഗവൺമെന്റ് പ്ലീഡർമാരുടെയും ഭാഗത്ത് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല.

ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

95 (2333) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-ലെ കേരള കോ-ഓപ്പറേറ്റീവ് 2-ാം ഭേദഗതി ഓർഡിനൻസിലെ സഹകരണ 2-ാം ഭേദഗതി ഓർഡിനൻസിൽ (2011-ലെ 44-ാം നമ്പർ ഓർഡിനൻസ്) സഹകരണ മൂലനിയമത്തിലെ S.70(A) സബ് സെക്ഷൻ (2) പ്രകാരം കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ആർബിട്രേഷൻ കോടതികളുടെ നിലവാരം ഉയർത്തുന്നതിന് മേൽപ്പറഞ്ഞ ഭേദഗതി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമഭേദഗതി നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 2011-ലെ 44-ാം നമ്പർ ഓർഡിനൻസ് വിവിധ കാരണങ്ങളാൽ നിയമമാക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിൽ ഉൾപ്പെടുത്തിയിരുന്ന ആർബിട്രേഷൻ കോടതി പ്രീസൈഡിംഗ് ഓഫീസർമാരുടെ യോഗ്യതകൾ സംബന്ധിച്ച് ഭേദഗതി വ്യവസ്ഥ, '7 വർഷത്തെ അഭിഭാഷകവൃത്തി പരിചയം, സേവനകാലം 3 വർഷം' എന്നിങ്ങനെ ഭേദഗതി വരുത്തി 14-2-2012-ലെ 137/2012 നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർഫെഡ്

96 (2334) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിനുകീഴിൽ എത്ര നന്മസ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ ഫെഡിനുകീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര ത്രിവേണി, നന്മ സ്റ്റോറുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർ ഫെഡിന്റെ വിവിധ സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് എത്ര രൂപ കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർ ഫെഡ് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ ജീവനക്കാരായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിനു കീഴിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 87 ത്രിവേണി സ്റ്റോറുകളും 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 751 നന്മ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly